പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.337 — 28.06.2011ൽ മറുപടിയ്ക്ക്

## വയോജന സംരക്ഷണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | വയോജനങ്ങൾക്ക് നേരെ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവരുടെ ക്ഷേമത്തിനായി സർക്കാർ പുതിയ പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച് 2007-ലെ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് വേണ്ടി നിർമ്മിച്ച ചട്ടങ്ങൾ പ്രകാരം മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുമുള്ള കർമ്മ പദ്ധതിയിൽ പോലീസ് കമ്മീഷണർ നിലവിലുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറും എല്ലാ ജില്ലകളിലും പോലീസ് സൂപ്രണ്ടുമാരും, കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളേണ്ടതാണ്. ഓരോ പോലീസ് സ്റ്റേഷനിലും അതിന്റെ അധികാര പരിധിക്കുള്ളിൽ |

| | | | |
|---|---|---|---|
| | | | താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ ഒരു പട്ടിക സൂക്ഷിക്കേണ്ടതാണ്. മുതിർന്ന പൗരന്മാരുടെ പരാതികളും പ്രശ്നങ്ങളും ലോക്കൽ പോലീസ് വേണ്ടവണ്ണം ശ്രദ്ധിക്കേണ്ടതാണ്. ഓരോ പോലീസ് സ്റ്റേഷനും ഒന്നോ ഒന്നിലധികമോ സന്നദ്ധ സമിതികൾ രൂപീകരിച്ച് മുതിർന്ന പൗരന്മാരുമായി സ്ഥിര സമ്പർക്കം ഉറപ്പു വരുത്തേണ്ടതാണ്. മുതിർന്ന പൗരന്മാർക്കെതിരായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച പ്രധാനപ്പെട്ട എല്ലാ വിവരങ്ങളും പ്രത്യേക രജിസ്റ്ററിൽ ഓരോ പോലീസ് സ്റ്റേഷനിലും സൂക്ഷിക്കേണ്ടതാണ്. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിലെ അന്തേവാസികൾക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഇവ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | സംസ്ഥാനത്ത് ഇപ്പോൾ 15 ഗവ.വൃദ്ധസദനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു. സർക്കാർ ഗ്രാന്റോടു കൂടി 154 വൃദ്ധസദനങ്ങൾ സന്നദ്ധസംഘടനകൾ നടത്തുന്നു. സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് 250/-രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്.<br>സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് സംരക്ഷണച്ചെലവിനായി പ്രതിമാസം 750/-രൂപയും മരുന്നിന് 300/-രൂപയും, വസ്ത്രത്തിന് പ്രതിവർഷം |

| | | | |
|---|---|---|---|
| | | | 1000/-രൂപയും നൽകുന്നുണ്ട്. |
| (സി) | വയോജന സംരക്ഷണമുൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് സംസ്ഥാനത്ത് സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | വയോജനങ്ങൾക്ക് സംരക്ഷണം ഉറപ്പു വരുത്തുന്നതിന് ചില കർമ്മ പദ്ധതികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300/-രൂപ ധനസഹായം 'ആശ്വാസകിരണം' പദ്ധതിയിലൂടെ നടപ്പാക്കി വരുന്നു.<br>2. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വൃദ്ധ സദനങ്ങളിലെയും വൃദ്ധ ജനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ ഉദ്യോഗസ്ഥർ, മറ്റു സഹായികൾ എന്നിവരെ നിയോഗിച്ച് പരമാവധി സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.<br>3. സംസ്ഥാനത്തെ നഗര/പട്ടണ പ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾക്കായി മൊബൈൽ മെഡിക്കൽ ക്ലിനിക്, പാലിയേറ്റീവ് കെയർ യൂണിറ്റ്, ആംബുലൻസ് സർവീസ്, ഹെൽപ് ഡെസ്ക് തുടങ്ങിയ |

| | | | |
|---|---|---|---|
| | | | സഹായങ്ങൾ എത്തിക്കുന്നതിലേക്കായി ആവിഷ്കരിച്ച വയോമിത്രം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി നടപ്പാക്കി വരുന്നു. |
| (ഡി) | വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഡി) | വയോജന ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2006-ൽ അംഗീകരിച്ചിട്ടുള്ള സംസ്ഥാന വയോജന നയത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കർമ്മപദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് സാമ്പത്തിക സുരക്ഷ നൽകുന്നതിനും ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി ആരോഗ്യ ഇൻഷ്വറൻസ് പരിപാടി നടപ്പാക്കുന്നതിനും വ്യവസ്ഥകൾ ഉണ്ട്. സംസ്ഥാന വയോജന നയത്തിലെ 37, 38 ഖണ്ഡിക പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും മറ്റുമായി സംസ്ഥാന വയോജന കൗൺസിൽ അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മെയിൻറനൻസ് വെൽഫയർ ഓഫ് പാരൻ്സ് ആൻറ് സീനിയർ സിറ്റിസൺസ് ആക്ട് 2007 നിലവിൽ വന്നിട്ടുണ്ട്. ടി ആക്ടിലെ ഖണ്ഡിക 32 നൽകിയ അധികാരങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രയോഗിക്കുന്നതിനായി 2009-ൽ റൂളും നിലവിലുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>എല്ലാ ജില്ലകളിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ഓരോ ട്രിബ്യൂണലിന്റെയും പ്രിസൈഡിംഗ് ആഫീസർമാരായി ജില്ലാ കളക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും ഓരോ മെയിന്റനൻസ് ട്രിബ്യൂണൽ സ്ഥാപിക്കുകയും റവന്യൂ ഡിവിഷണൽ ആഫീസർമാരെ ഓരോ ട്രിബ്യൂണിലിന്റെയും പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 30 ലക്ഷം രൂപ ഇതിലേക്കായി |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ചാക്കയിൽ പ്രവർത്തിക്കുന്ന കെയർ ഹോമിനായി ആധുനിക രീതിയിൽ 150 പേരെ പ്രവേശിപ്പിക്കാവുന്ന തരത്തിൽ തിരുവനന്തപുരത്ത് പുതിയ കെട്ടിടം നിർമ്മിച്ച് വരുന്നു. |
| (ഇ) | വയോജനങ്ങൾക്ക് നിയമപരമായ സംരക്ഷണം ഉറപ്പാക്കുന്നതിന് പോലീസും ജുഡീഷറിയും ചേർന്നുള്ള ഒരു സംവിധാനം രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ഇ) | വയോജനങ്ങൾക്ക് നിയമപരമായ സംരക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടി 2007-ൽ മെയിൻറനൻസ് ഓഫ് പേരന്റ്സ് ആൻറ് സീനിയർ സിറ്റിസൺസ് ആക്റ്റ്, 2009ൽ കേരളാ മെയിൻറനൻസ് ഓഫ് പാരൻറ്സ് ആൻറ് സീനിയർ സിറ്റിസൺസ് റൂളും നിലവിൽ വന്നു. ഓരോ സബ് ഡിവിഷനിലും മെയിൻറനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും, റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിൻേറയും പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും വയോജനങ്ങളുടെ പരാതികൾ സ്വീകരിക്കുകയും അവയ്ക്കുള്ള നടപടികൾ എടുത്തു വരികയും ചെയ്യുന്നു. ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ ട്രിബ്യൂണലിൻെറ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | സ്വകാര്യ മേഖലയിൽ സർക്കാർ സഹായത്തോടെ പ്രവർത്തിച്ചു | (എഫ്) | സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൻെറ |

| | | | |
|---|---|---|---|
| | വരുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും ശരിയായ രൂപത്തിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനം ഫലപ്രദമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടേയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടേയും പ്രവർത്തനവും നടത്തിപ്പും കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും സാമൂഹ്യക്ഷേമ വകുപ്പിലെ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ മെമ്പറും ജില്ലാ പ്രൊബേഷൻ ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനുമായുള്ള ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.<br>സ്വകാര്യ മേഖലയിൽ സർക്കാർ സഹായത്തോടെ പ്രവർത്തിച്ചു വരുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനം ഫലപ്രദമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

R. Vijayan (signature)

സെക്ഷൻ ഓഫീസർ